പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2651 | 17/10/2016-ൽ മറുപടിയ്ക്ക്

## കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട സി.ആർ.ഇസെഡ്. ക്ലിയറൻസ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. രാജഗോപാലൻ** | **ശ്രീ. പിണറായി വിജയൻ**<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| (എ) | തീരദേശമേഖലയിലെ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട സി.ആർ.ഇസെഡ്. ക്ലിയറൻസ് ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കാസർഗോഡ് ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; സി.ആർ.ഇസെഡ്. മായി ബന്ധപ്പെട്ട സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് മുമ്പ് വാസയോഗ്യമായ വീടുകൾ/കച്ചവടസ്ഥാപനങ്ങൾ ഉണ്ടായിരുന്നവർക്ക് അത് പൊളിച്ച് അവിടെത്തന്നെ നിർമ്മിക്കാൻ നിയമപ്രകാരം എന്തെങ്കിലും തടസ്സമുണ്ടോ; | (എ) | ഈ സാമ്പത്തിക വർഷത്തിൽ കാസർഗോഡ് ജില്ലയിൽ നിന്നും ഇതുവരെ 69-ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.<br>1991-ന് മുമ്പ് നിലവിലുള്ള കെട്ടിടത്തിന്റെ പുനർ നിർമ്മാണം മാത്രമേ അനുവദിക്കുകയുള്ളൂ. തീരദേശ നിയന്ത്രണ മേഖല III യിൽ പുനർ നിർമ്മാണം നടത്തുമ്പോൾ പ്ലിന്ത് ഏരിയ നിലവിലുള്ള കെട്ടിടത്തിനെ ക്കാൾ കൂടാൻ പാടില്ല എന്ന നിബന്ധന ഉണ്ട്. തീരദേശ നിയന്ത്രണ മേഖല II -ൽ പുനർ നിർമ്മാണം കെട്ടിട ഉപയോഗത്തിന് മാറ്റം വരുത്താതെ തറ വിസ്തീർണ്ണ അനുപാതം (FAR) 1991-ലെ ചട്ടങ്ങൾക്ക് അനുസൃതമായി നടത്താവുന്നതാണ്. |
| (ബി) | കേരളം പോലെ ജനസാന്ദ്രതയുള്ള സംസ്ഥാനത്തിന്റെ തീരദേശങ്ങളിൽ വസിക്കുന്ന ദുർബല വിഭാഗത്തിൽപ്പെട്ടവർ ഉൾപ്പെടെയുള്ളവർക്ക്ഇത്തരം നിയമങ്ങൾ വലിയതോതിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നതിനാൽ ലളിതവൽക്കരിച്ച നിയമങ്ങൾ ഉണ്ടാക്കാൻ എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ? | (ബി) | തീരദേശ നിയന്ത്രണ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് കേന്ദ്ര സർക്കാരാണ്. അതിനാൽ ഇളവുകൾ നൽകാൻ കേരള സർക്കാർ കേന്ദ്ര സർക്കാരിനോട് നിരന്തരം ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ പുതിയ ഇളവുകൾ ഒന്നും തന്നെ കേന്ദ്രം ഇതുവരെ പ്രഖ്യാപിച്ചിട്ടില്ല. |

അണ്ടർ സെക്രട്ടറി